K22U 1117

Reg. No.: ...............................

Name : ...................................

BOSCO ARTS AND SCIENCE
LIBRARY
ANGADIKADAVU

**II Semester B.Com./B.B.A./B.B.A.T.T.M./B.B.A.R.T.M./B.T.T.M./B.B.M. Degree (C.B.C.S.S. – Supplementary) Examination, April 2022**
**(2016-2018 Admissions)**
**COMMON COURSE IN MALAYALAM**
**2A 08-1 MAL : ഗദ്യമാതൃകകൾ**

Time : 3 Hours
Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) ഒരു ഋഷിയുടെ മനസ്സിലുള്ള ആ ഗൂഢ സത്യത്തെ ചിത്രീകരിക്കാൻ ഋഷികവികൾക്ക് മാത്രമേ തോന്നു. കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണം പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

2) മാധവിക്കുട്ടിയുടെ കഥാഖ്യാനപാടവം 'നെയ്പ്പായസം'. നെയ്പ്പായസത്തെ മുൻനിർത്തി വ്യക്തമാക്കുക.

3) കോലത്ത് നാടിന്റെ തനതനുഷ്ഠാനകലയായി കെ. വി. ബാബു തെയ്യത്തെ അവതരിപ്പിക്കുന്നതെങ്ങനെ ?

4) മലയാള ഗദ്യസാഹിത്യകാരന്മാരെപ്പറ്റി എം. ശ്രീധരമേനോന്റെ വിവരണം സംഗ്രഹിക്കുക.

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×3=12)**

5) അങ്ങനെ അംബ ഭൂമിയിൽ മറ്റൊരു സ്ത്രീക്കും നേരിട്ടിട്ടില്ലാത്ത കൊടിയൊരു വിഷമാവസ്ഥയിൽപ്പെട്ടു. ഈ വിഷമാവസ്ഥയുടെ കാരണം വ്യക്തമാക്കുക.

6) ഗദ്യകാരനായ സഞ്ജയന്റെ ഭാഷാപരമായ മികവ് ഉദാഹരണസഹിതം വ്യക്തമാക്കുക.

7) 'പൂവൻപഴം' എന്ന കഥ നൽകുന്ന സ്നേഹദാഹത്തിന്റെ അകംപൊരുൾ വ്യക്തമാക്കുക.

P.T.O.

8) മകൻ എത്ര വലുതായാലും അച്ഛനമ്മമാരുടെ കണ്ണിൽ അവൻ വെറും കുഞ്ഞുതന്നെ, ഈ വസ്തുത 'മകൻ' എന്ന കവിതയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ ?

9) മണിപ്രവാളസാഹിത്യത്തെപ്പറ്റി എ. ശ്രീധരമേനോൻ വിവരിക്കുന്നത് സംഗ്രഹിക്കുക.

10) ഇംഗ്ലീഷ് മലയാളമണിപ്രവാളം വൈകാതെ രൂപപ്പെട്ടുകൂടെന്നില്ല. ഡോ.ജാൻസി ജെയിംസ് ഇങ്ങനെ അഭിപ്രായപ്പെടുന്നതിനുള്ള കാരണമെന്ത് ?

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×2=8)**

11) ഒടുവിൽ മനുഷ്യനനുഭവിക്കുന്നതെന്തും അവനവന്റെ കർമ്മഫലം മാത്രമാണെന്ന ചിന്തയിൽ അംബ എത്തിച്ചേരാൻ കാരണമെന്ത് ?

12) പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ എന്ന കഥയ്ക്കൊരാസ്വാദനം തയാറാക്കുക.

13) ഒറ്റപ്പെടുന്ന വ്യക്തിയുടെ അകം പൊരുളിലേക്ക് വായനക്കാരെ വിളിച്ച് കൊണ്ടുപോകുന്ന കഥയാണ് പുവമ്പഴം – വ്യക്തമാക്കുക.

14) മറ്റുള്ളവർക്കായ് സ്വയം സദാപ്രവർത്തിക്കുന്ന വീട്ടമ്മയുടെ ജീവിതാന്ത്യം അത്യന്തം ധ്വന്യാത്മകമായി അവതരിപ്പിക്കാൻ മാധവിക്കുട്ടിക്കു കഴിഞ്ഞു. 'നെയ്പ്പായസ'മെന്ന കഥയുടെ കലാപരമായ മികവ് വ്യക്തമാക്കുക.

15) ലിപികളെപ്പറ്റി ശ്രീധരമേനോൻ നൽകുന്ന വിവരങ്ങൾ സംഗ്രഹിക്കുക.

16) ഇംഗ്ലീഷ് മലയാള മണിപ്രവാളം വൈകാതെ രൂപപ്പെടുമെന്ന ഡോ. ജാൻസി ജെയിംസിന്റെ നിരീക്ഷണം വിമർശനബുദ്ധ്യാ ചർച്ച ചെയ്യുക.

IV. **ഒറ്റവാ**ക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(6×1=6)**

17) കൊടുങ്ങല്ലൂർ കവികളിൽ ഒരാളുടെ പേരെഴുതുക.

18) കേരള കാളിദാസൻ എന്ന പേരിൽ അറിയപ്പെടുന്ന എഴുത്തുകാരനാര് ?

19) മഹാഭാരതത്തെ മുൻനിർത്തി കുട്ടിക്കൃഷ്ണമാരാർ എഴുതിയ പ്രമുഖ കൃതിയേത് ?

20) പക്ഷിയുടെ മണം എന്ന കഥയുടെ കർത്താവാര് ?

21) മലയാള ലിപിയുടെ പേരെഴുതുക.

22) ചെറുകഥ ഇന്നലെ ഇന്ന് എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

23) മലയാളം ഉൾപ്പെടുന്ന ഭാഷാഗോത്രമേത് ?

24) സഞ്ജയന്റെ യഥാർത്ഥ പേരെന്ത് ?

---